# അഞ്ചാം സംസ്ഥാന ധനകാര്യ കമ്മീഷൻ

## പത്രകുറിപ്പ്

അഞ്ചാം സംസ്ഥാന ധനകാര്യ കമ്മീഷൻ 19/09/2015-ന് കേരളത്തിലെ അംഗീകൃത രജിസ്റ്റേഡ് പാർട്ടികളുമായി ചർച്ച നടത്തുകയുണ്ടായി. ബി.എസ്.പി. ഒഴികെയുള്ള അഞ്ച് ദേശീയ പാർട്ടികളുടെയും, കേരള കോൺഗ്രസ് (എം), ഇന്ത്യൻ യൂണിയൻ മുസ്ലീം ലീഗ് എന്നീ സംസ്ഥാന പാർട്ടികളുടെയും വിവിധ രജിസ്റ്റേർഡ് പാർട്ടികളുടെയും പ്രതിനിധികൾ ടി ചർച്ചയിൽ പങ്കെടുത്തു. പ്രധാന പാർട്ടികളെല്ലാം തന്നെ വളരെ ഗൗരവത്തോടെ ഈ ചർച്ചയിൽ പങ്കെടുത്തു. പ്രാദേശിക സർക്കാരുകളുടെ പ്രവർത്തനങ്ങളും സാമ്പത്തിക സ്ഥിതിയും മെച്ചപ്പെടുത്തുന്നതിനുള്ള നിരവധി നിർദ്ദേശങ്ങൾ ടി ചർച്ചയിൽ ഉയർന്നു വന്നു. ചർച്ചയിൽ ഉയർന്നു വന്ന പ്രധാന നിർദ്ദേശങ്ങൾ താഴെക്കൊടുത്തിരിക്കുന്നു:

1) സംസ്ഥാന ധനകാര്യ കമ്മീഷൻ ശുപാർശ പ്രകാരം പ്രാദേശിക സർക്കാരുകൾക്ക് ഫണ്ട് നൽകുന്നതിന് അടുത്ത കാലത്ത് ചില മാറ്റങ്ങൾ കൊണ്ടു വന്നു. ഇത് പ്രകാരം സംസ്ഥാന സഞ്ചിത നിധിയിൽ നിന്നും നേരിട്ട് പണം മാറുന്നതിന് പ്രാദേശിക സർക്കാരുകൾ നിർബന്ധിക്കപ്പെടുന്നു. യഥാർത്ഥത്തിൽ, സർക്കാരിന്റെ ഒരു വകുപ്പിനു തുല്യമായി പ്രാദേശിക സർക്കാരുകൾ മാറിയിരിക്കുകയാണ്. ഇത് പ്രാദേശിക സർക്കാരുകളുടെ പ്രവർത്തന സ്വാതന്ത്ര്യത്തിലും അധികാരത്തിന്മേലുള്ള കൈകടത്തലാണ്. ഇത് പരിഹരിക്കണം. സഞ്ചിതനിധിയിൽ നിന്നും പബ്ലിക്ക് അക്കൗണ്ടിലേക്ക് ട്രാൻസ്ഫർ ക്രെഡിറ്റു ചെയ്യുകയും അതിൽ നിന്നും പ്രാദേശിക സർക്കാരുകൾ അവരുടെ ആവശ്യാനുസരണം ഫണ്ട് ചെലവഴിക്കുകയും ബാക്കി അവിടെത്തന്നെ കിടക്കുകയും ചെയ്യുന്ന പഴയ രീതി പുന:സ്ഥാപിക്കുകയാണ് ഇതിനുള്ള പരിഹാരമാർഗ്ഗം. ഇതിനുള്ള നടപടികൾ അഞ്ചാം സംസ്ഥാന ധനകാര്യ കമ്മീഷൻ സ്വീകരിക്കണം.
2) തദ്ദേശ സ്വയംഭരണ വകുപ്പ് സ്ഥാപനങ്ങൾക്ക് സ്വതന്ത്രമായി പ്രവർത്തിക്കുന്നതിന് കൂടുതൽ അധികാരം നൽകുക. സംസ്ഥാന സർക്കാർ ധനകാര്യ കമ്മീഷൻ ശുപാർശ പ്രകാരം നൽകുന്ന ഫണ്ട് അവരുടെ പ്രദേശത്തിന്റെ വികസനത്തിനായി സ്വതന്ത്രമായി വിനിയോഗിക്കാനുള്ള സ്വാതന്ത്ര്യം ഉണ്ടാകണം. റവന്യൂ വകുപ്പ് ഈടാക്കുന്ന ഒറ്റത്തവണ കെട്ടിട നികുതി, ആഡംബര നികുതി എന്നിവ ഈടാക്കുന്നതിനുള്ള അധികാരം പ്രാദേശിക സർക്കാരുകൾക്ക് നൽകണം. IAY, EMS തുടങ്ങിയ ഭവന പദ്ധതികൾക്കുള്ള വിഹിതം പദ്ധതി തുകയിൽ നിന്നും മാറ്റി വയ്ക്കണമെന്നതു പോലെയുള്ള മാർഗ്ഗ നിർദ്ദേശം ഒഴിവാക്കുക.
3) Maintenance Fund, General Purpose Fund എന്നീ ഇനത്തിൽ സംസ്ഥാന തനതു നികുതി വരുമാനത്തിന്റെ 9 ശതമാനമാണ് ഇപ്പോൾ നൽകുന്നത്. ഇത് 15 ശതമാനമായി ഉയർത്തണം.
4) വികസനഫണ്ടിനത്തിൽ സംസ്ഥാനത്തിന്റെ മൊത്തം പദ്ധതിയടങ്കലിന്റെ 25 ശതമാനത്തിൽ കുറയാത്ത തുകയാണ് നിലവിൽ പ്രാദേശിക സർക്കാരുകൾക്ക് നൽകുന്നത്. ഇത് 30 ശതമാനമായി വർദ്ധിപ്പിക്കണം.
5) പ്രാദേശിക സർക്കാരുകൾ നടപ്പിലാക്കുന്ന പദ്ധതികളും പരിപാടികളും സർക്കാർ വകുപ്പുകൾ നടപ്പിലാക്കുന്നത് പ്രവർത്തനങ്ങളുടെ ഇരട്ടിപ്പാണ്, ഇതൊഴിവാക്കണം.
6) ആസ്തികളുടെ അടിസ്ഥാനത്തിൽ ആനുപാതികമായി വേണം സംരക്ഷണ ഫണ്ട് നൽകേണ്ടത്. റോഡ്, റോഡിതര ആസ്തികൾക്ക് ഇപ്പോൾ നൽകുന്നതു പോലെ 2/3, 1/3 എന്ന അനുപാതം തുടരേണ്ടതാണ്.
7) കെട്ടിടങ്ങളുടെ എണ്ണം, വിസ്തീർണ്ണം, റോഡുകളുടെ നീളം, വീതി തുടങ്ങി കൃത്യമായ കണക്ക് എഴുതി സൂക്ഷിക്കുന്ന ആസ്തി രജിസ്റ്റർ എല്ലാ പ്രാദേശിക സർക്കാരുകളും സൂക്ഷിക്കണം.

8) പ്രാദേശിക സർക്കാരുകളിലെ സ്റ്റാഫ് പ്രശ്നത്തിന് പരിഹാരം ഉണ്ടാക്കണം. ജീവനക്കാരുടെ പുനർ വിന്യാസം കാര്യക്ഷമമാക്കണം. Professionally qualified ആയിട്ടുള്ളവരെ അക്കൗണ്ടന്റ് പോലുള്ള തസ്തികകളിൽ നിയമിക്കുക, Engineering Wing ശക്തിപ്പെടുത്തുക.
9) നികുതി പിരിവിനുള്ള ശൃംഖല വർദ്ധിപ്പിക്കുന്നതോടൊപ്പം കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കണം. നികുതി നിരക്കുകൾ യുക്തി സഹമാക്കണം.
10) തൊഴിൽ നികുതി ശൃഖലയിൽ നിന്ന് വിട്ടു നിൽക്കുന്ന പ്രഫഷണലുകൾ, കച്ചവടക്കാർ തുടങ്ങിയ വിഭാഗക്കാരെ കൂടി ഇതിന്റെ പരിധിയിൽ കൊണ്ടു വരണം.
11) 5 വർഷത്തിലൊരിക്കൽ നികുതി നിരക്ക് നിശ്ചയിക്കുന്നതിനുള്ള അധികാരം സംസ്ഥാന ധനകാര്യ കമ്മീഷന് നൽകുക.
12) നികുതി പിരിവ് ഊർജ്ജിതമായി നടത്തുന്ന തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് പ്രോത്സാഹനം നൽകണം. ഇതിനായി ഫണ്ടിന്റെ ഒരു ഭാഗം മാറ്റി വയ്ക്കണം.
13) പൗരസംബന്ധമായ ചുമതലകൾ (civic functions) പ്രാഥമിക കർത്തവ്യമായിത്തന്നെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ നിർവഹിക്കണം.
14) മുനിസിപ്പാലിറ്റി, മുനിസിപ്പൽ കോർപ്പറേഷൻ ജീവനക്കാരുടെ പെൻഷൻ ബാധ്യത പൂർണ്ണമായും സർക്കാർ ഏറ്റെടുക്കേണ്ടതും ആയത് സർക്കാർ നേരിട്ട് പെൻഷണർക്ക് നൽകേണ്ടതുമാണ്.
15) തിരഞ്ഞെടുക്കപ്പെട്ട പ്രതിനിധികളുടെ ഹോണറേറിയം വർദ്ധിപ്പിക്കുക.
16) തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ അഴിമതിയും പ്രകൃതി വിഭവങ്ങളുടെ ചൂഷണവും നിയന്ത്രിക്കുന്നതിന് ഒരു Vigilance Wing രൂപീകരിക്കുക.
17) അതാത് വർഷത്തെ Project-കൾ സാമ്പത്തിക വർഷം തുടങ്ങുന്നതിനു മുൻപു തന്നെ DPC അംഗീകരിക്കേണ്ടതും അതാത് വർഷം തന്നെ നടപ്പിലാക്കേണ്ടതുമാണ്.
18) പഞ്ചായത്ത് മാന്വൽ പരിഷ്കരിക്കുന്നതോടൊപ്പം ബഡ്ജറ്റ് മാന്വൽ തയ്യാറാക്കേണ്ടതുമാണ്.
19) പഞ്ചായത്തുകളിൽ e-governance ഏർപ്പെടുത്തണം.
20) ഉൽപ്പാദന മേഖലയ്ക്ക് മിനിമവും പശ്ചാത്തല മേഖലയ്ക്ക് പരമാവധിയും പരിധി ഏർപ്പെടുത്തണം.
21) തൊഴിൽ നികുതി പരിധി ഉയർത്തുന്നതിന് നിയമനിർമ്മാണം നടത്താൻ ആവശ്യമായ നടപടികൾ സ്വീകരിക്കണം. ഈ വിഷയം കേന്ദ്ര ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെടുത്താൻ ആവശ്യമായ നടപടികൾ സ്വീകരിക്കണം.
22) Civic ചുമതലകൾ നിർവ്വഹിക്കുന്നതിന് പ്രത്യേക ഫണ്ട് നൽകുക.
23) തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ സംഭാവന കൊടുക്കുന്നത് നിർത്തലാക്കുക.
24) പ്രാദേശിക സർക്കാർ ഓഫീസുകളിലും, തെരുവു വിളക്കുകൾ കത്തിക്കുന്നതിനും സൗരോർജ്ജ പദ്ധതികൾ നടപ്പിലാക്കണം.
25) സ്കൂളുകളിലെ ഉച്ചഭക്ഷണ പദ്ധതി സർക്കാർ ധനസഹായത്തോടെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ വഴി നടപ്പിലാക്കുക.
26) വികസന പദ്ധതികൾ വാർഡ് അടിസ്ഥാനത്തിൽ നടപ്പിലാക്കാതെ പ്രാദേശിക സർക്കാർ അടിസ്ഥാനത്തിൽ നടപ്പിലാക്കുക.
27) പ്രാദേശിക സർക്കാരും, വിവിധ സർക്കാർ വകുപ്പുകളും വഴി നടപ്പിലാക്കുന്ന ഭവന നിർമ്മാണ പദ്ധതികൾ പ്രകാരം ഗുണഭോക്താക്കൾക്ക് നൽകുന്ന വിഹിതം ഏകീകരിക്കുക.
28) അന്യ സംസ്ഥാന തൊഴിലാളികളുടെ ക്ഷേമത്തിനായി പ്രത്യേക ക്ഷേമപദ്ധതികൾ ഏർപ്പെടുത്തുകയും അതിനായി പ്രത്യേക ഫണ്ട് അനുവദിക്കുകയും ചെയ്യുക.
29) റോഡ് വികസനത്തിനായി Master Plan തയ്യാറാക്കുക.